A

812

# സമഗ്ര ശിക്ഷാ കേരളം
# ആത്യന്തികവിലയിരുത്തൽ II 2025-26
# മലയാളം
# അടിസ്ഥാനപാഠാവലി

സമയം : 1 ½ മണിക്കൂർ

ക്ലാസ് : VIII

ആകെ സ്കോർ : 40

---

നിർദേശങ്ങൾ :

- ആദ്യത്തെ 15 മിനിറ്റ് സമാശ്വാസസമയമാണ്. ചോദ്യങ്ങൾ വായിക്കാനും ഉത്തരങ്ങൾ ക്രമപ്പെടുത്താനും ഈ സമയം വിനിയോഗിക്കണം.
- ചോദ്യങ്ങളും നിർദേശങ്ങളും ശ്രദ്ധാപൂർവം വായിച്ച് എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതണം. A അല്ലെങ്കിൽ B എന്ന തരത്തിലുള്ള ചോദ്യങ്ങളിൽ, ഏതെങ്കിലും ഒരു ചോദ്യത്തിന് ഉത്തരമെഴുതിയാൽ മതി.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

---

**1 മുതൽ 4 വരെ ചോദ്യങ്ങളുടെ ഉത്തരം തിരഞ്ഞെടുത്തെഴുതുക (1 സ്കോർ വീതം) (4 x 1=4)**

1. “ശരി, ഹൃദയമേ, നിനക്കു നന്ദി മു-
ന്നറിവു തന്നതിൽ കൃതജ്ഞനാണു ഞാൻ.”

(ഒപ്പം മിടിക്കുന്നത്)

ഇവിടെ കൃതജ്ഞൻ എന്ന പദത്തിന്റെ അർഥമെന്ത്?

A. സ്നേഹമുള്ളവൻ
B. ദയയുള്ളവൻ
C. ഭാഗ്യമുള്ളവൻ
D. നന്ദിയുള്ളവൻ

2. “പുല്ലുമാത്രം തിന്നുനടന്നാൽ ചത്തുപോകും, ഞാൻ പറഞ്ഞേക്കാം.”

(പ്രത്യാശയുടെ കിരണങ്ങൾ)

സന്ദർഭത്തിലെ രോഗിയുടെ അവസ്ഥയുമായി യോജിക്കാത്തത് ഏത്?

A. ദാരിദ്ര്യം
B. നിസ്സഹായത
C. സമൃദ്ധി
D. അനാരോഗ്യം

3. വീട്ടുകാർ കേൾക്കാത്തത്ര ദൂരത്തായപ്പോൾ പയ്യൻ ശവമഞ്ചവാഹകരോട് ചോദിച്ചു. “അവിടെയും രാവിലെ ഇഡ്ഡലി തന്നെയല്ലേ?”

സന്ദർഭത്തിന്റെ ആശയത്തിന് യോജിക്കുന്ന പഴഞ്ചൊല്ല് ഏത്?

A. പയ്യെത്തിന്നാൽ പനയും തിന്നാം
B. അന്നവിചാരം മുന്നവിചാരം
C. എല്ലുമുറിയെ പണിതാൽ പല്ലുമുറിയെ തിന്നാം
D. അരവയറുണ്ടാൽ ആരോഗ്യം

4. താന്നിരിക്കുന്നവയിൽ ശരിയായി പിരിച്ചെഴുതിയവ ഏതെല്ലാം?

(1) ഞെട്ടിത്തെറിച്ചു - ഞെട്ടി, ത്തെറിച്ചു
(2) പുറത്തേക്കയച്ചു - പുറത്തേക്ക്, അയച്ചു
(3) ബുദ്ധിയോടെ - ബുദ്ധി, യോടെ
(4) നീങ്ങിത്തുടങ്ങി - നീങ്ങി, തുടങ്ങി

A. (2) ഉം (4) ഉം ശരി
B. (3) മാത്രം ശരി
C. (1) ഉം (4) ഉം ശരി
D. (1) മാത്രം ശരി

**5 മുതൽ 6 വരെ ചോദ്യങ്ങൾക്ക് രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക. (2 സ്കോർ വീതം)**
**(2 x 2=4)**

5. "മോനേ, മദ്യത്തിന്റെയും പുകവലിയുടെയും ചിത്രങ്ങളും പരസ്യങ്ങളുമൊക്കെച്ചേർന്ന് അവയെ നമ്മുടെ ജീവിതത്തിൽ നിറയ്ക്കുന്നു."

(സ്നേഹപൂർവം, അമ്മ)

മുകളിൽ നൽകിയ പാഠസന്ദർഭം അടിസ്ഥാനമാക്കി ലഹരിവിരുദ്ധദിനത്തിൽ സ്കൂൾ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നതിനായി ലഹരി വിരുദ്ധസന്ദേശം തയ്യാറാക്കുക.

6. (A) അർഥവ്യത്യാസം വരാതെ രണ്ടു വാക്യമാക്കുക.
രോഗിയുടെ ചുമലിൽ തട്ടി സന്തുകുമാർ അയാളെ എഴുന്നേൽപ്പിച്ചു കട്ടിലിൽ കിടത്തി

**അല്ലെങ്കിൽ**

(B) "വളരെ നാളായി മിടിക്കുന്നു ഞാനി-
പ്പഴയ കൂട്ടിലെയിണക്കിളിപോലെ"

(ഒപ്പം മിടിക്കുന്നത്)

വരികളിലെ കാവ്യപരമായ സവിശേഷതകൾ കണ്ടെത്തിയെഴുതുക.

**7 മുതൽ 11 വരെ ചോദ്യങ്ങൾക്ക് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. (5 സ്കോർ വീതം)**
**(5 x 5 = 25)**

7. "പഴയരിച്ചോറ്, വെണ്ടയ്ക്കാസാമ്പാർ, ഇളവനും പച്ചമുളകും ചേർത്ത് ഓലൻ, വഴുതനങ്ങയും ഉള്ളിയും ചേർന്നുള്ള മെഴുക്കുപുരട്ടി,കടുമാങ്ങ, പപ്പടം, മോര്. ഉണ്ടു; അട്ടം മുട്ടുന്നതുവരെ ഉണ്ടു."

"തൊഴിലാളിമണ്ഡലം തുടങ്ങിയപ്പോൾ ബോധം കെട്ടു." (നിലനില്പിയം)

ഈ കഥയിൽ മലയാളികളുടെ ചില ദുശ്ശീലങ്ങളെ പരിഹസിക്കുകയാണോ കഥാകൃത്ത്? നിങ്ങളുടെ അഭിപ്രായം സമർഥിക്കുക.

8. "പുകയായും പാനീയമായും കുത്തിവയ്പ്പായുമൊക്കെ ആ വിഷം ഉള്ളിൽ കടന്നുതുടങ്ങിയാൽ പിന്നെ ഭ്രാന്താണ്. അവ കിട്ടാൻവേണ്ടി എന്തുംചെയ്യും."

"കുഞ്ഞേ, സ്വയം നാശത്തിന്റെ പാതയിലൂടെ നിങ്ങൾ വേച്ചുവേച്ചു നടന്നുകൂടാ."

(സ്നേഹപൂർവം, അമ്മ)

സൂചനകളും പാഠത്തിലെ മറ്റു സന്ദർഭങ്ങളും നിങ്ങളിൽ ഉണർത്തിയ ചിന്തകൾ ഉൾപ്പെടുത്തി സുഹൃത്തിന് ഒരു കത്തെഴുതുക.

9. "തടിച്ച ദുഃഖങ്ങൾ തകർത്തു പെയ്ത നാൾ
തരുണസൗഖ്യങ്ങൾ തടവി നിന്ന നാൾ
തുടിച്ചു ഞാനകം തുടുത്തു വേണ്ടപോൽ
മിടിച്ചുപോന്നതും മറക്കരുതു, സർ."

(ഒപ്പം മിടിക്കുന്നത്)

കവി, ഹൃദയത്തെ സുഹൃത്തായി കരുതുന്നതിന്റെ കാരണങ്ങൾ എന്തൊക്കെയാവും? കവിതയിലെ മറ്റു സന്ദർഭങ്ങൾകൂടി പരിഗണിച്ച് നിങ്ങളുടെ നിഗമനങ്ങൾ കുറിക്കുക.

10. "ദൈവമേ എനിക്കെന്നാണ് പ്രഷറ് വരിക. എന്റെ മൂത്രത്തിലെന്നാണ് പഞ്ചസാര ഉണ്ടാവുക."

"എനിക്ക് വേണ്ടത് നല്ല നല്ല രോഗങ്ങളാണ്. എന്നിട്ട് ചികിത്സിക്കണം. മരുന്നു കഴിക്കണം."

(പ്രത്യാശയുടെ കിരണങ്ങൾ)

ധനികൻ എന്ന കഥാപാത്രത്തിന്റെ എന്തെല്ലാം സ്വഭാവസവിശേഷതകളാണ് മുകളിൽ നൽകിയ സന്ദർഭത്തിൽ നിന്ന് വ്യക്തമാകുന്നത്? വിശദമാക്കുക.

11. (A) "അമ്മേ മദ്യവും മയക്കുമരുന്നുകളും എന്നെ ഇവിടെക്കൊണ്ടുവന്നു".

"അവൻ തേങ്ങിത്തേങ്ങി കരയാൻ തുടങ്ങി."

(സ്നേഹപൂർവം, അമ്മ)




പാഠസന്ദർഭവും കാർട്ടൂണും വിശകലനം ചെയ്ത് 'ലഹരിക്കെതിരെ ജാഗ്രത' എന്ന വിഷയത്തിൽ കുറിപ്പ് തയ്യാറാക്കുക.

അല്ലെങ്കിൽ

(B) • "ഈ കാട്ടുതീ ഒത്തിരി പക്ഷികളുടെയും മൃഗങ്ങളുടെയും ജീവനെടുക്കുന്നത് കാണുന്നില്ലേ? അങ്ങേക്ക് ശക്തമായ ഒരു മഴകൊണ്ട് ഈ കാട്ടുതീ അണയ്ക്കാം. ഞാൻ എനിക്കാവുന്നത് ചെയ്യുന്നു." ഇത്രയും പറഞ്ഞ് കുരുവി തന്റെ ജോലി തുടർന്നു; തീ തന്റെ ജീവനെടുക്കും വരെ."

(കുരുവിയും കാട്ടുതീയും)

• "ശ്രമത്തിലാണ്, ഫലപ്രാപ്തിയിൽ അല്ല സംതൃപ്തി ഉളവാകുന്നത്. സമ്പൂർണ്ണശ്രമം സമ്പൂർണ്ണ വിജയമാണ്."

(ഗാന്ധിജി)

കുരുവിയുടെ പ്രവൃത്തിയിലും ഗാന്ധിജിയുടെ വചനത്തിലും പ്രകടമാവുന്ന ജീവിതസന്ദേശം കണ്ടെത്തി കുറിപ്പ് തയ്യാറാക്കുക.

**താഴെ തന്നിരിക്കുന്ന ചോദ്യത്തിന് ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. (7 സ്കോർ)**

**(1 x 7=7)**

12. (A) • "പപ്പാ, ഈ കൊച്ചുദേവദാരുമരത്തെ മുറിക്കാതെ നമ്മൾ അതിനെ 'പുതുവർഷമരമായി അലങ്കരിച്ചത് എത്ര നന്നായി. നല്ല ആശയം തന്നെയിത്."

(കൊച്ചുദേവദാരു)

• "ഭൂമിയിലെ ഉൽപന്നങ്ങളുടെയെല്ലാം അവകാശികളാണ് ജന്തുക്കളും പക്ഷികളും മൃഗങ്ങളും ക്യമികീടങ്ങളും വൃക്ഷങ്ങളും ചെടികളും മറ്റും. ഈ പരമാർഥം എപ്പോഴും ഓർക്കുന്നത് നല്ലതാണെന്ന് തോന്നുന്നില്ലേ?"

(ഭൂമിയുടെ അവകാശികൾ)

കഥാസന്ദർഭങ്ങൾ വിശകലനം ചെയ്ത് 'പ്രകൃതിസംരക്ഷണത്തിൽ വിദ്യാർഥികളുടെ പങ്ക്' എന്ന വിഷയത്തിൽ പ്രഭാഷണം തയ്യാറാക്കുക.

**അല്ലെങ്കിൽ**

(B)

**ഫാസ്റ്റ് ഫുഡ് ആരോഗ്യത്തിന് വില്ലനാകുന്നു.**

നിറത്തിനും മണത്തിനും രുചിക്കും പ്രാധാന്യം നൽകുന്നതിനാൽ ഫാസ്റ്റ് ഫുഡുകളോടുള്ള പ്രിയം സമൂഹത്തിൽ കൂടിവരുന്നു. കൂടിയ അളവിലുള്ള കൊഴുപ്പും പഞ്ചസാരയും കൃത്രിമനിറങ്ങളും കലർന്ന പല ഫാസ്റ്റ് ഫുഡും കുട്ടികളുടെയും മുതിർന്നവരുടെയും ആരോഗ്യത്തെ ദോഷകരമായി ബാധിക്കുന്നു എന്ന് വിദഗ്ധർ വിലയിരുത്തുന്നു.

മുകളിൽ നൽകിയിട്ടുള്ള പത്രവാർത്തയും പ്രത്യാശയുടെ കിരണങ്ങൾ, നിലനില്പിയം എന്നീ പാഠങ്ങളുടെ ആശയവും വിശകലനം ചെയ്ത് 'ഭക്ഷണശീലങ്ങളും ആരോഗ്യവും' എന്ന വിഷയത്തിൽ ഉപന്യാസം തയ്യാറാക്കുക.